<u>**15 -ാം കേരള നിയമസഭ**</u>

<u>**6 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1361**</u> <u>**30-08-2022 - ൽ മറുപടിയ്ക്ക്**</u>

<u>**കേന്ദ്ര സർക്കാർ എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങളിൽ നിന്നും പാഠഭാഗങ്ങൾ ഒഴിവാക്കിയ നടപടി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എൻ. സി. ഇ. ആർ. ടി. പാഠപുസ്തകങ്ങളിൽ നിന്നും ചരിത്രം, ഭരണഘടന, ജനാധിപത്യവും സമത്വവും തുടങ്ങിയ മേഖലകളിൽ രാജ്യം നേടിയ പുരോഗതികൾ വ്യക്തമാക്കുന്ന പാഠഭാഗങ്ങൾ കേന്ദ്ര സർക്കാർ ഒഴിവാക്കിയിട്ടുണ്ടോ; ഇത്തരത്തിൽ പാഠഭാഗങ്ങൾ ഒഴിവാക്കുന്നതിനുള്ള കാരണങ്ങൾ കേന്ദ്ര സർക്കാർ വിശദീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങളി നിന്നും പൊളിറ്റിക്കൽ സയൻസ്, ചരിത്ര എന്നീ വിഷയങ്ങളിൽ നിന്നും ചി പാഠഭാഗങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. കുട്ടികളു പഠനഭാരം ലഘൂകരിക്കാനാണ് ഇ പാഠഭാഗങ്ങൾ ഒഴിവാക്കിയതെന്നാ എൻ.സി.ഇ.ആർ.ടി.-യുടെ വിശദീകരണം.<br><br>[എൻ.സി.ഇ.ആർ.ടി. ഹയർ സെക്കന്റ ക്ലാസ്സുകളിലെ പൊളിറ്റിക്കൽ സയൻ പാഠപുസ്തകങ്ങളിൽ പൊളിറ്റിക്കൽ തിയറി എ ഒന്നാം വർഷ പാഠപുസ്തകത്തിൽ Chapter 'Peace' എന്ന പാഠവും Chapter 1 'Development' എന്ന പാഠവും പൂർണമായു ഒഴിവാക്കിയിട്ടുണ്ട്. രണ്ടാം വർഷ പാഠപുസ്തകമായ Politics in India Sinc Independence എന്ന പുസ്തകത്തിൽ Chapter – Era of One Party Dominance-ൽ page 4 പൂർണമായും Chapter 3 Politics of Planne Developmentൽ 54 മുതൽ 63 വരെയുള പേജുകളും Chapter 6 – The Crisis c Democratic Order 105-ാം പേജും പേജ് 11 മുതൽ 117 വരെ 'Controversies Regardin Emergency' എന്ന ഭാഗവും Chapter 7 – Ris of Popular Movements എന്ന പാഠ പൂർണമായും Chapter 9 – Recen Development in Indian Politics എ പാഠത്തിൽ പേജ് 187-189 വരെ 'Gujara Riots' എന്ന ഭാഗവും ഒഴിവാക്കിയിട്ടുണ്ട്.<br><br>രണ്ടാം വർഷം Contemporary World Politic എന്ന പുസ്തകത്തിൽ Chapter 1 - The Col |

| | | | |
|---|---|---|---|
| | | | War Era, Chapter 3 - US Hegemony i World Politics എന്നീ ചാപ്റ്ററുകള്ള പൂർണമായും ഒഴിവാക്കിയിട്ടുണ്ട്.<br><br>Themes in World History എന്ന ഹയ സെക്കന്ററി ഒന്നാം വർഷ ചരിത്ര പാഠപുസ്തകത്തിൽ നിന്നും The Centra Islamic Lands എന്ന നാലാം ചാപ്റ്റർ Confrontation of Culturesഎന്ന 8-ാ ചാപ്റ്റർ, Industrial Revolution എന ഒമ്പതാം ചാപ്റ്റർ എന്നിവയുടെ ഭാഗങ്ങ എൻ.സി.ഇ.ആർ.ടി. ടെക്സ്റ്റ് ബുക്കിൽ നിന ഒഴിവാക്കിയിട്ടുണ്ട്.<br><br>രണ്ടാം വർഷ ചരിത്ര പാഠപുസ്തകമായ Theme in Indian History-യിൽ നിന്ന് King an Chronicles എന്ന 9-ാം ചാപ്റ്റർ, Colonia Cities എന്ന 12-ാം ചാപ്റ്റർ, Understandin of Partition എന്ന 14-ാം ചാപ്റ്റ ഒഴിവാക്കിയിട്ടുണ്ട്.] |
| (ബി) | കേന്ദ്ര സർക്കാർ എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങളിൽ നിന്നും പാഠഭാഗങ്ങൾ ഒഴിവാക്കിയ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പാഠപുസ്തകങ്ങളിൽ നിന്നും ഇതുസംബന്ധിച്ച പാഠഭാഗങ്ങൾ നീക്കം ചെയ്യണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ടോ; എങ്കിൽ സർക്കാർ ഈ വിഷയം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങളിൽ നിന്നും പാഠഭാഗങ്ങൾ ഒഴിവാക്കിയ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പാഠപുസ്തകങ്ങളിൽ നിന്നും ഇതു സംബന്ധിച്ച പാഠഭാഗങ്ങൾ നീക്കം ചെയ്യണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. സർക്കാർ ഈ വിഷയം എസ്.സി.ഇ.ആർ.ടി.-യോട് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെടുകയും എസ്.സി.ഇ.ആർ.ടി. വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ പ്രസ്തുത വിഷയം പഠിച്ച് റിപ്പോർട്ട് പൊതുവിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഈ സാഹചര്യത്തിൽ ഭരണഘടനയോടുള്ള കൂറും ജനാധിപത്യവിശ്വാസവും സമത്വവും ചരിത്രബോധവും വളർത്തുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വിശദമാക്കുമോ? | (സി) | ഭരണഘടനയോടുള്ള കൂറും ജനാധിപത്യ വിശ്വാസവും സമത്വവും ചരിത്ര ബോധവും വളർത്താനായി സംസ്ഥാന സർക്കാർ താഴെപ്പറയുന്ന ഇടപെടലുകൾ നടത്തി വരുന്നു.<br><br><u>1.പാഠ്യപദ്ധതി പരിഷ്കരണം</u><br><br>ജനാധിപത്യത്തിലും മതനിരപേക്ഷതയിലും അധിഷ്ഠിതമായ ഒരു സ്കൂൾ പാഠ്യപദ്ധതി വികസിപ്പിച്ചെടുക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ ശ്രമം ആരംഭിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന കരിക്കുലം കമ്മിറ്റി പുന:സംഘടിപ്പിക്കുകയും കരിക്കുലം കോർ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.<br><br><u>2.നൈതികം</u> |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളിൽ ഭരണഘടന മൂല്യങ്ങൾ വികസിപ്പിക്കുന്നതിന് വേണ്ടി നൈതികം എന്ന പേരിൽ ഒരു ബോധവത്ക്കരണ പരിപാടി സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.<br><br><u>3.അതിജീവനം</u><br><br>അതിജീവനം എന്ന പേരിൽ ഭരണഘടന മൂല്യങ്ങളും സമത്വത്തിൽ അധിഷ്ഠിതമായ ജീവിത അവബോധവും വിദ്യാർത്ഥികളിൽ വികസിപ്പിക്കുന്നതിന് എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ DIET-കൾ മുഖാന്തിരം പഠന ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്.<br><br><u>4.STEPS</u><br><br>ചരിത്ര അവബോധം, സാമൂഹ്യപ്രതിബദ്ധത, ജനാധിപത്യ മൂല്യങ്ങൾ തുടങ്ങിയവ വികസിപ്പിക്കുന്നതിനും കുട്ടികളുടെ സാമൂഹിക ഗുണങ്ങളും, പഠന ശേഷിയും ഉയർത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വിദ്യാർത്ഥികൾക്കായി STEPS എന്ന പേരിൽ സാമൂഹ്യശാസ്ത്ര പഠന പോഷണ പരിപാടി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ